Deepika 22-02-19, p-2

# ജില്ലയിൽ 500 ഹെക്ടർ സ്ഥലത്ത് വാഴകൃഷി നടത്തും: മന്ത്രി വി.എസ്. സുനിൽകുമാർ



തേക്കിൻകാട് മൈതാനത്തെ ലേബർ കോർണറിൽ 'കാർഷിക വികസനം - തൃശൂരിന്റെ കരുത്തും പ്രതീക്ഷകളും' എന്ന സെമിനാർ മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. മുരളി പെരുനെല്ലി എംഎൽഎ സമീപം.

**തൃശൂർ:** ജില്ലയിൽ 500 ഹെക്ടർ സ്ഥലത്ത് വിവിധ വാഴകൃഷി നടത്തുമെന്നും വാഴപ്പഴ കയറ്റുമതി ക്ലസ്റ്ററുകൾ രൂപീകരിച്ച് ഇതര സംസ്ഥാനങ്ങളിലേക്കുപോലും വാഴപ്പഴങ്ങളുടെ വിപണനം നടത്തുമെന്നും കർഷകരിലൂടെ വാഴകൃഷിക്കാവശ്യമായ സാധ്യതകൾ കണ്ടെത്തുമെന്നും മന്ത്രി വി.എസ്. സുനിൽകുമാർ.

തേക്കിൻകാട് മൈതാനത്തെ ലേബർ കോർണറിൽ 1000 ദിനാഘോഷങ്ങളുടെ ഭാഗമായി നടത്തിയ 'കാർഷിക വികസനം - തൃശൂരിന്റെ കരുത്തും പ്രതീക്ഷകളും' എന്ന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കർഷകർക്ക് മികച്ച വിളവ് ലഭിക്കുന്ന തരത്തിൽ വാഴകൃഷിയെ വിപുലപ്പെടുത്തുകയാണ് ലക്ഷ്യം.

ജില്ലയിൽ ചെങ്ങാലിക്കോടൻ വാഴകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പംതന്നെ വിവിധയിനം വാഴപ്പഴം കയറ്റുമതി ചെയ്യുന്നതിനായി കർഷകരുടെ നേതൃത്വത്തിൽ കയറ്റുമതി ക്ലസ്റ്ററുകൾ രൂപീകരിക്കും. ഇതിലൂടെ കർഷകർക്ക് ന്യായവില നൽകാനുള്ള പദ്ധതികളും സർക്കാർ ഉറപ്പാക്കും. വാഴപ്പഴത്തിൽ നിന്നും തേനിൽനിന്നും മൂല്യവർധിത വരുമാനമുണ്ടാക്കാവുന്ന സാധ്യതകൾ കണ്ടെത്തും. ഇതിന് കണ്ണാറയിൽ ആരംഭിക്കുന്ന അഗ്രോ പാർക്ക് ഉപയോഗപ്പെടുത്തും. ഇവിടെനിന്ന് വൈൻ പോലുള്ള ഉപയോഗ്യ വസ്തുക്കളും തയ്യാറാക്കുമെന്നും മന്ത്രി പറഞ്ഞു.

ആയുർവേദ ഔഷധങ്ങൾ ഉല്പാദിപ്പിക്കുന്ന കേന്ദ്രമാക്കി ജില്ലയിലെ പട്ടികവർഗ മേഖലയെ മാറ്റുമെന്നും ഇതിലൂടെ പട്ടികവർഗ മേഖലയിലെ ജനങ്ങൾക്ക് മികച്ച ജീവനോപാധി സർക്കാർ ഉറപ്പുനൽകുമെന്നും കൃഷി മന്ത്രി പറഞ്ഞു. ജില്ലയെ ഔഷധ സസ്യ കൃഷിയിലേക്ക് മാറ്റുന്നതിന്റെ ഭാഗമായാണ് ഇത്. ഹെർബൽ മേഖലയിൽ സമ്പുഷ്ടമായ ഔഷധ സസ്യങ്ങളുടെ കലവറയുണ്ട്. അത് അവിടുത്തെ ജനങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തി അവരെ ഹെർബൽ കൃഷിയിലേക്ക് കൊണ്ടുവരും. ഇതിലൂടെ ആ മേഖലയിലും സാധാരണ ജനങ്ങൾക്ക് മികച്ചൊരു വരുമാനം കണ്ടെത്താൻ സർക്കാർ ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു.

ജില്ലയിലെ കോൾനില വികസനം അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കും. ഇതിനായി കാർഷിക സർവകലാശാല തയ്യാറാക്കിയ സമഗ്ര മാസ്റ്റർ പ്ലാൻ ഉപയോഗപ്പെടുത്തും. കോൾനിലങ്ങളിൽ ഉല്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി മണ്ണ് മുതൽ ശാസ്ത്രീയമായ പരിശോധയ്ക്കു വിധേയമാക്കും. 790 കോടി രൂപയുടെ പഴയ കോൾനില വികസന പ്രോജക്ട് പുന:പരിശോധിച്ച് ഉല്പാദന ക്ഷമത വർധിപ്പിക്കാനും കോൾനിലങ്ങളെ ജൈവ കൃഷിമേഖലയാക്കി പരിപോഷിപ്പിക്കാനും ശ്രമിക്കും. കോൾ മേഖലയിൽ ഇരുപ്പൂകൃഷി ചെയ്യാനുള്ള സാധ്യതകൾ പരിശോധിക്കും. മത്സ്യകൃഷി വിപുലപ്പെടുത്തി മത്സ്യകർഷകരുടെ വരുമാനം വർധിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മുരളി പെരുനെല്ലി എംഎൽഎ അധ്യക്ഷത വഹിച്ചു. കെഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി.വി. സജീവ്, കേരള സർവകലാശാല ഡയറക്ടർ ഓഫ് റിസർച്ച് ഡോ. പി. ഇന്ദിരാദേവി, സംസ്ഥാന ആസൂത്രണ ബോർഡ് അഗ്രികൾച്ചർ ഡിവിഷൻ മേധാവി എസ്. എസ്. നാഗേഷ്, തൃശൂർ കൃഷി പ്രിൻസിപ്പൽ ഓഫീസർ കല തുടങ്ങിയവർ പങ്കെടുത്തു.